Draft #37 of File 6195/AD A1/3/2019/AD A 1 Approved by ASSISTANT REGISTRAR I (ADMIN) on 04-Aug-2021 04:41 PM - Page 1

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

നമ്പർ. 6195/AD A1/3/എ ഡി എ 1/AD A 1 | തീയതി: 04.08.2021

**<u>സർക്കുലർ</u>**

വിഷയം:- ജീവനക്കാര്യം - കാലിക്കറ്റ് സർവ്വകലാശാലയിലേക്കുള്ള അന്തർ സർവ്വകലാശാല സ്ഥലംമാറ്റം - സന്നദ്ധരായ അസിസ്റ്റന്റുമാരുടെ സീനിയോറിറ്റി പട്ടിക തയ്യാറാക്കുന്നതിന് അപേക്ഷകൾ ക്ഷണിക്കുന്നത് - സംബന്ധിച്ച്.

സൂചന :- 1.മഹാത്മാഗാന്ധി സർവ്വകലാശാല സ്റ്റാറ്റ്യൂട്ട്സ്1997,അദ്ധ്യായം 4,ഭാഗം II,സ്റ്റാറ്റ്യൂട്ട്22 A.
2.സർക്കാർ ഉത്തരവ് (കൈ) നം.123/2017/ഉ.വി.വ. തീയതി 09.05.2017.

-----

സൂചന (1) വ്യവസ്ഥകളുടെയും, സൂചന (2) സർക്കാർ ഉത്തരവിന്റെയും അടിസ്ഥാനത്തിൽ, ഈ സർവ്വകലാശാലയിൽ നിന്നും കാലിക്കറ്റ് സർവ്വകലാശാലയിലേക്ക് അന്തർ സർവ്വകലാശാല സ്ഥലംമാറ്റത്തിന് സന്നദ്ധരായ അസിസ്റ്റന്റുമാരുടെ സീനിയോറിറ്റി പട്ടിക തയ്യാറാക്കുന്നതിനായി, ഈ സർവ്വകലാശാലയിൽ അസിസ്റ്റൻറ് തസ്തികയിൽ (അസിസ്റ്റൻറ് സെക്ഷൻ ഓഫീസർ,സീനിയർ ഗ്രേഡ് അസിസ്റ്റൻറ്,അസിസ്റ്റൻറ്) സേവനം അനുഷ്ഠിക്കുന്ന ജീവനക്കാരിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു.

പൂരിപ്പിച്ച അപേക്ഷകൾ സർക്കുലർ തീയതി മുതൽ 7 ദിവസത്തിനുള്ളിൽ എഡി.എ1 സെക്ഷനിൽ ലഭിച്ചിരിക്കേണ്ടതാണ്. അപേക്ഷാ ഫാറത്തിൻറെ മാതൃക അന്യത്ര ചേർത്തിരിക്കുന്നു.

**രമേഷ് ആർ**
അസിസ്റ്റന്റ് രജിസ്ട്രാർ 1 (ഭരണ വിഭാഗം)

സ്വീകർത്താവ്

1. സെക്ഷനുകൾ/ഡിപ്പാർട്ട്മെൻറുകൾ/സ്കൂളുകൾ/സെൻററുകൾ
2. വൈസ് ചാൻസിലർ / പ്രൊ വൈസ് ചാൻസിലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3. രജിസ്ട്രാർ/പരീക്ഷാ കൺട്രോളർ/ഫിനാൻസ് ഓഫീസർ എന്നിവരുടെ പി.എ. മാർ
4. ജോയിൻറ് രജിസ്ട്രാർ/ഡെപ്യൂട്ടി രജിസ്ട്രാർ/അസിസ്റ്റൻറ് രജിസ്ട്രാർ (ഭരണവിഭാഗം/അക്കാദമികം/പരീക്ഷാവിഭാഗം/ധനകാര്യം)
5. പി.ആർ.ഒ./കണ്ടൻറ് മാനേജ്മെൻറ് സെക്ഷൻ/ഐ.ക്യു.എ.സി.
7. നോട്ടീസ് ബോർഡ്/ഫയൽ കോപ്പി

Draft #37 of File 6195/AD A1/3/2019/AD A 1 Approved by ASSISTANT REGISTRAR I (ADMIN) on 04-Aug-2021 04:41 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

## അന്തർ സർവ്വകലാശാല സ്ഥലംമാറ്റത്തിനുള്ള അപേക്ഷ

| | | |
|---|---|---|
| 1. | അപേക്ഷകൻറെ പേര്, ഉദ്യോഗപ്പേര്, സെക്ഷൻ, പി.എഫ്. നമ്പർ | |
| 2. | ജനന തീയതി | |
| 3. | മേൽവിലാസം | |
| 4. | ജോലിയിൽ പ്രവേശിച്ച തീയതി (നേരിട്ടുള്ള നിയമനം /തസ്തിക മാറ്റം/അന്തർ സർവ്വകലാശാല സ്ഥലംമാറ്റം മുഖേന) | |
| 5. | സർവ്വകലാശാല നിയമന ശിപാർശ തീയതി (അസിസ്റ്റൻറ് തസ്തിക) | |
| 6. | നിലവിൽ ജോലി ചെയ്തുകൊണ്ടിരിക്കുന്ന തസ്തിക, അടിസ്ഥാന ശമ്പളം, ശമ്പള സ്കെയിൽ | |
| 7. | പ്രൊബേഷൻ ഡിക്ലയർ ചെയ്ത തീയതിയും ഉത്തരവ് നമ്പറും [സൂചന (2) പ്രകാരം അപേക്ഷിക്കുന്നവർ ഒഴികെ] | |
| 8. | ഉദ്യോഗക്കയറ്റം ലഭിച്ചിട്ടുണ്ടെങ്കിൽ തസ്തികയും, ഉത്തരവ് നമ്പറും, തീയതിയും | |
| 9. | അന്തർ സർവ്വകലാശാല സ്ഥലംമാറ്റത്തിന് പരിഗണിക്കേണ്ട സർവ്വകലാശാലയുടെ പേര് | |
| 10. | താങ്കൾ ഏതെങ്കിലും ശിക്ഷാനടപടികൾക്ക് വിധേയമാവുകയോ താങ്കൾക്കെതിരെ ഏതെങ്കിലും തരത്തിലുള്ള അന്വേഷണം നടക്കുകയോ ചെയ്യുന്നുണ്ടോ? ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകുക. | |
| 11. | മറ്റ് വിശദാംശങ്ങൾ ഉണ്ടെങ്കിൽ ആയത് രേഖപ്പെടുത്തുക. | |

## സത്യപ്രസ്താവന

സൂചന (1),(2) എന്നിവയിൽ പരാമർശിച്ചിരിക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായി,കാലിക്കറ്റ് സർവ്വകലാശാലയിലേക്ക് അന്തർ സർവ്വകലാശാല സ്ഥലംമാറ്റത്തിനായി അപേക്ഷയിൽ സൂചിപ്പിച്ചിരിക്കുന്ന വസ്തുതകൾ എന്റെ അറിവിലും വിശ്വാസത്തിലും സത്യമാണെന്ന് ബോധിപ്പിച്ചുകൊള്ളുന്നു.

സ്ഥലം: പേര് :

തീയതി: ഒപ്പ് :

മൊബൈൽ നമ്പർ :

ഓഫീസ് അധികാരിയുടെ മേലൊപ്പും ഉദ്യോഗപ്പേരും :